(സി) സർക്കാർ കൃഷി ഫാമുകളിലും സർവ്വകലാശാലാ ഫാമുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ തൊഴിലാളികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ തൊട്ട് മുൻവർഷം 240 ദിവസം ജോലി ചെയ്തിരിക്കണമെന്ന നിലവിലുണ്ടായിരുന്ന വ്യവസ്ഥമാറ്റി കാഷ്വൽ തൊഴിലാളികൾ അതത് ഫാമിൽ ജോലിചെയ്ത ആകെ ദിവസങ്ങളുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റി മാനദണ്ഡമാക്കി ഓരോ ഫാമിലും സ്ഥിരം തൊഴിലാളികളുടെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ നിയമിക്കാൻ 24.11.1999-ലെ ജി.ഒ. (എം.എസ്.) 326/99/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് കാർഷിക സർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് കേരള കാർഷിക സർവ്വകലാശാലയാണ്.

(ബി) പ്രത്യേക തടസ്സമൊന്നുമില്ല. ധനപരമായ ബാധ്യതയുണ്ടാകുന്ന കാര്യമായതിനാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ട കാലതാമസം മാത്രമേ ഉണ്ടാകുന്നുള്ളൂ.

(സി) സ്വീകരിച്ചുവരുന്നു.

122 (413) കൊടുമൺ ചന്ദനപ്പള്ളി എസ്റ്റേറ്റ് തൊഴിലാളികളുടെ നിവേദനം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കൊടുമൺ ചന്ദനപ്പള്ളി എസ്റ്റേറ്റ് തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 27.11.99-ൽ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) കൊടുമൺ ചന്ദനപ്പള്ളി എസ്റ്റിമേറ്റിൽ 1990 മുതൽ ജോലിനോക്കിവരുന്ന കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിൽ കാലതാമസം ഉണ്ടാകാൻ എന്താണ് കാരണം; ഇവരെ എന്നത്തേയ്ക്ക് സ്ഥിരപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ദിവസവേതനത്തിൽ ജോലി ചെയ്യുന്നവർക്ക് സർക്കാരിന്റെ 29.3.99-ലെ ജി.ഒ. (പി) 1187/99/ഫിൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊടുമൺ ചന്ദനപ്പള്ളി എസ്റ്റേറ്റ് തൊഴിലാളികൾ നൽകിയ 17.11.99-ലെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 17.11.99-ൽ കിട്ടിയ നിവേദനം ആവശ്യമായ നടപടിയ്ക്കായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള മാനേജിംഗ് ഡയറക്ടർക്ക് അയച്ചിട്ടുണ്ട്.

(സി) കൊടുമൺ-ചന്ദനപ്പള്ളി എസ്റ്റേറ്റിൽ 1990 മുതൽ ജോലി നോക്കിവരുന്ന കാഷ്വൽ തൊഴിലാളികളെ 1.3.97 മുതൽ സ്ഥിരം തൊഴിലാളികളാക്കി മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.എൻ.ബി കരാർ ബാധകമാക്കിയിട്ടുള്ള പ്ലാന്റേഷൻ കോർപ്പ റേഷനിലെ തൊഴിലാളികൾക്ക് ഈ ഉത്തരവ് ബാധകമല്ല.

123 (414) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട്

<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് എന്നാണ് ഗവൺമെന്റ് സമർപ്പിച്ചത്;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) റിപ്പോർട്ട് നടപ്പിലാക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) റിപ്പോർട്ട് നടപ്പാക്കാനും വിവിധ ആവശ്യങ്ങൾ അനുവദിച്ചു കിട്ടാനുംവേണ്ടി ഫാം തൊഴിലാളികളുടെ സംയുക്ത സമരസമിതി സർക്കാ രിന് പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്ത മാക്കുമോ;

(എഫ്) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1999 എപ്രിൽ മാസം അവസാനം.

(ബി)&(സി) സാമ്പത്തിക ബാദ്ധ്യതയുള്ളതിനാൽ കൃഷിവകുപ്പ് വിശദ മായി പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിരിക്കു കയാണ്. താമസംവിനാ തീരുമാനമുണ്ടാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കു ന്നു. ഇതിനിടയിൽ 150 രൂപയുടെ പ്രതിമാസ ഇടക്കാലാശ്വാസം ഫാം തൊഴി ലാളികൾക്ക് അനുദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ശമ്പള പരിഷ്ക്കരണ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

(എഫ്) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 379, 398, 400 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. ശ്രദ്ധക്ഷണിക്കൽ

(1) സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമൂലം ചെറുകിട റബ്ബർ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

[9.30 AM] <u>ശ്രീ. കെ.എം. മാണി</u> : സർ, 1997 മുതൽ നിരന്തരമായി ഉന്നയിക്കുന്നതും ഇതുവരെ പ്രതിവിധി നേടാൻ കഴിയാത്തതും ഇവിടെ നടക്കുന്ന ചർച്ചകളൊക്കെ വനരോദനമായി മാറിയിരിക്കുന്നതുമായ ഒരു വിഷയമാണ് റബ്ബറിന്റെ വിലയിടിവ്. ഒരു കിന്റൽ റബ്ബറിന്റെ സൂചിതവില

LIBRARY ARCHIVES Kerala Legislative Assembly